LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽഫോണും ആരോഗ്യ പ്രശ്നങ്ങളും

*11 [519] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി:

" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽഫോൺ ട്രാൻസ്മിറ്ററുകളിൽനിന്നുള്ള തരംഗ പ്രസരണം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തരംഗ പ്രസരണം ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള ഏതെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ആയതിൻമേൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികളും ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)

(എ) ഇല്ല.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

കലാസമിതികൾക്കുള്ള ഗ്രാന്റ്

*12 [520] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കലാ സമിതികൾക്ക് സംഗീത നാടക അക്കാദമി വഴി നൽകുന്ന ഗ്രാന്റ് വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണന യിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) കേരള സംഗീത നാടക അക്കാദമി വഴിയാണ് കലാസമിതികൾക്ക് ഗ്രാന്റ് നൽകുന്നത്. തുക വർദ്ധിപ്പിക്കണമെന്ന ശുപാർശ അക്കാദമിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.